**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 250** **10-06-2024-ൽ മറുപടിയ്ക്ക്**

## കേരളത്തിൽ കൂടുതൽ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കെ. പി. മോഹനൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യമേഖലയും മെഡിക്കൽ വിദ്യാഭ്യാസമേഖലയും മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളെയും ജനസൗഹൃദ നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഓരോ പ്രദേശത്തെയും പൗരന്മാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനും പ്രതിരോധിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ആശുപത്രികളിൽ കാൻസർ രോഗികൾക്ക് ചികിത്സാ സൗകര്യം ഉറപ്പാക്കുന്നുണ്ട്. പകർച്ചവ്യാധി രോഗ നിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

പുതുതായി ആരംഭിച്ച ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകളിൽ 100 എം.ബി.ബി.എസ് സീറ്റുകൾ വിതം അഡ്മിഷൻ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ 2018 വരെ 100 വിദ്യാർത്ഥികൾ വീതമാണ് ഒരു ബാച്ചിൽ അഡ്മിഷൻ നേടിയിട്ടുള്ളത്. എന്നാൽ 2019 മുതൽ 10 സീറ്റ് വർദ്ധിപ്പിച്ചു. നിലവിൽ 110 വിദ്യാർത്ഥികൾ ഒരു ബാച്ചിൽ എന്ന ക്രമത്തിൽ അഡ്മിഷൻ നൽകി വരുന്നു. കൂടാതെ ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി വിഭാഗങ്ങളിലായി 2 പിജി സീറ്റുകൾ വീതം അഡ്മിഷൻ നൽകി വരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 2017 മുതൽ 100 എം.ബി.ബി.എസ് സീറ്റുകളിലേക്കും 2019 മുതൽ 110 എം.ബി.ബി.എസ് സീറ്റുകളിലേക്കും അഡ്മിഷൻ നൽകി വരുന്നു. കൂടാതെ പാത്തോളജി മൈക്രോബയോളജി, കമ്മ്യൂണിറ്റി ഫൊറൻസിക് മെഡിസിൻ വിഭാഗങ്ങളിലായി 2 പിജി സീറ്റുകളിൽ വീതം അഡ്മിഷൻ നൽകി വരുന്നു.

കൊല്ലം, മഞ്ചേരി, ഇടുക്കി, കോന്നി എന്നീ മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടിയെടുക്കാനായിട്ടുണ്ട്. സർക്കാർ മേഖലയിൽ മഞ്ചേരി, കൊല്ലം എന്നിവിടങ്ങളിലായി 2022 ൽ രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. 60 സീറ്റുകൾ വീതം രണ്ടു കോളേജുകളിലും അദ്ധ്യയനം ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2023-24 കാലയളവിൽ 5 പുതിയ നഴ്സിംഗ് കോളേജുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. ഇതിനോടൊപ്പം തന്നെ തിരുവനന്തപുരം നഴ്സിംഗ് കോളേജിന് 100 സീറ്റുള്ള അധിക ബാച്ച്(അനക്സ്) അനുവദിക്കുകയും പ്രവേശനം നൽകാനും കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യമേഖലയും മെഡിക്കൽ വിദ്യാഭ്യാസ മേഖലയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ സർക്കാർ മെഡിക്കൽ കോളേജ് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി സംസ്ഥാനത്തെ പാലക്കാട് ഒഴികെ 13 ജില്ലകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളും എല്ലാ ജില്ലകളിലുമായി 14 നഴ്സിംഗ് കോളേജുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള SIME, CPAS, CAPE തുടങ്ങിയവയുടെ കീഴിലും നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ട് വരികയും സ്ഥിരം ജീവനക്കാരെ ആഗിരണം ചെയ്യുന്നതിനും NMC മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമായി 1551 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ പി ജി കോഴ്സുകൾക്ക് സർക്കാർ മേഖലയിൽ 1073 സീറ്റുകൾ, സ്വകാര്യ സഹകരണ മേഖലകളിൽ 2914 സീറ്റുകളും അധികമായി അനുവദിച്ചിട്ടുണ്ട്.

**(ബി)** മെഡിക്കൽ പഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്ത് പോകുന്നത് വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ കേരളത്തിൽ കൂടുതൽ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** സർക്കാർ - സ്വകാര്യ മേഖലകളിൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നവർക്കെല്ലാം മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും നിരവധി ജോലി സാധ്യതകളുള്ള മെഡിക്കൽ അനുബന്ധ പാരാ മെഡിക്കൽ കോഴ്സുകൾക്ക് സർക്കാർ, സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങളിലായി അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**